കില

Document 2017/101/12088 - Tapal Document - File No. 2017/101/4827
Approved by Director on 02/11/2017 21:02:43
http://www.kila.ac.in
cVyhB-UrH-Unox-dimrN
KILA,Mulankunnathukkavu, Thrissur

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
**മുളങ്കുന്നത്തുകാവ്, തൃശൂർ 680 581**

നമ്പർ : കില/ .10.2017

## ക്വട്ടേഷൻ നോട്ടീസ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) നിന്നും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പരിശീലന കേന്ദ്രങ്ങളിലേക്ക് പുസ്തകങ്ങളും മറ്റ് പരിശീലന സാമഗ്രികളും ഉത്തരവാദിത്വത്തോടെ എത്തിച്ച് നൽകുന്നതിന് കരാറടിസ്ഥാനത്തിൽ വാഹന ഉടമകളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. കരാറിന്റെ കാലാവധി ഒരു വർഷമാണ്. ക്വട്ടേഷൻ രേഖപ്പെടുത്തേണ്ടത് ഒരു കിലോമീറ്റർ ഓടുന്നതിനുള്ള തുകയാണ്.
2. കിലയിൽ നിന്നും പരിശീലന സാമഗ്രികൾ കയറ്റി പുറപ്പെടുമ്പോൾ രേഖപ്പെടുത്തുന്ന മീറ്റർ റീഡിംഗ് മുതൽ ട്രിപ്പ് അവസാനിപ്പിച്ച് തിരിച്ചെത്തുന്ന മീറ്റർ റീഡിംഗ് വരെയുള്ള കിലോമീറ്ററിനായിരിക്കും തുക അനുവദിക്കുന്നത്.
3. കിലയിൽ നിന്നും കയറ്റിയ സാധനങ്ങൾ പരിശീലന കേന്ദ്രത്തിൽ ബന്ധപ്പെട്ടവരെ ഏൽപ്പിച്ച് രശീതി വാങ്ങി കിലയിൽ ഏൽപ്പിക്കുന്നതുവരെയുള്ള ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.
4. പരിശീലന സാമഗ്രികൾ കയറ്റിയതിനുശേഷം വാഹനത്തിന്റെ മുകൾ ഭാഗം പൊതിഞ്ഞ് കൊണ്ടുപോകേണ്ടതാണ്.
5. സാധനങ്ങൾ കൊണ്ടുപോകുന്നതിനായി യാതൊരുവിധ അഡ്വാൻസും കിലയിൽ നിന്നും നൽകുന്നതല്ല.
6. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി കിലയുമായി ഒരു വർഷത്തെ സമ്മതപത്രത്തിൽ ഏർപ്പെടേണ്ടതും 5,000/- രൂപ സെക്യൂരിറ്റി തുകയായി ഒടുക്കേണ്ടതുമാണ്.
7. കരാർ കാലയളവിൽ കരാർ തുകയിൽ യാതൊരുവിധ വർദ്ധനവും അംഗീകരിക്കുന്നതല്ല.
8. സെക്യൂരിറ്റി തുക കരാർ കാലാവധി തീരുന്നമുറയ്ക്ക് തിരിച്ച് നൽകുന്നതാണ്.
9. ഓരോ ട്രിപ്പ് കഴിയുന്നതിനനുസരിച്ച് അസ്സൽ ട്രിപ്പ് ഷീറ്റ് സമർപ്പിക്കുന്നമുറയ്ക്ക് തുക ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.

10. യാത്രയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ/പോലീസ് കേസ് മുതലായവയിൽ കിലക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

11. പരിശീലന സാമഗ്രികൾ യഥാസമയത്ത് ലക്ഷ്യത്തിൽ എത്തിക്കുന്നതിലോ, ആവശ്യ സമയത്ത് വാഹനം ലഭ്യമാക്കാതിരുന്നാലോ ആയതിൽ കിലക്ക് വരുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതാണ്.

താഴെ പറയുന്ന വാഹനങ്ങൾക്കാണ് കിലോമീറ്ററിനുള്ള തുക രേഖപ്പെടുത്തേണ്ടത്.

| **ക്രമ നമ്പർ** | **വാഹന വിഭാഗം** | **തുക/കി.മീ.** |
|---|---|---|
| 1. | TATA ACE | |
| 2. | PIAGGIO APE TRUCK | |
| 3. | TATA 407 TRUCK | |
| 4. | CANTER | |
| 5. | LPT 709 | |
| 6. | BOLERO MAXI TRUCK | |
| 7. | മറ്റ് വാഹനങ്ങൾ (തരം വിശദമാക്കുക): | |

കൊട്ടേഷനുകൾ 2017 നവംബർ 13-ാം തീയതി വൈകുന്നേരം 3 മണിക്ക് മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേതാണ്. കൊട്ടേഷനുകൾ അന്നേ ദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരുള്ള കൊട്ടേഷൻ നൽകിയവരുടെ മുമ്പിൽ വെച്ച് തുറന്ന് പരിശോധിക്കുന്നതാണ്. കൊട്ടേഷൻ സ്വീകരിക്കുന്നതിനും കാരണം കൂടാതെ നിരസിക്കുന്നതിനുമുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ഡയറക്ടർ, കില

Document 2017/101/12088 - Tapal Document - File No. 2017/101/4827
Approved by Director on 02/11/2017 21:02:43
http://www.kila.ac.in
cVyhB-UrH-Unox-dimrN
KILA,Mulankunathukkavu , Thrissur